പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1537 21.03.2012- ലെ മറുപടിക്ക്

## സൗദി അറേബ്യൻ ജയിലുകളിലെ മലയാളികളുടെ മോചനം

**ചോദ്യം**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. പി. ഉബൈദുള്ള

(എ) സൗദി അറേബ്യൻ ജയിലുകളിൽ ആയിരത്തിലേറെ ഇന്ത്യാക്കാർ ഉണ്ടെന്ന കേന്ദ്ര പ്രവാസി കാര്യമന്ത്രിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരിൽ കേരളീയർ ഉൾപ്പെടുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അവരാരെല്ലാമെന്നും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. കെ. സി. ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ സൗദി അറേബ്യൻ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. സൗദി അറേബ്യയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളിലൂടെ മാത്രമാണ് ഈ സർക്കാരിന് ജയിൽ മോചനത്തിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്. സൌദി അറേബ്യയിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ടെന്ന വിവരശേഖരണം നടത്തുന്നതിന് സംവിധാനം നിലവിൽ ഇല്ല.

(ബി) അവരിൽ ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളുടെ പേരിൽ ജയിലിലടയ്ക്കപ്പെട്ടവരെ മോചിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

(ബി & സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്.

ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ ഉറപ്പാക്കുന്നതിനും, നിയമസഹായം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് "പ്രവാസി ലീഗൽ എയ്ഡ് സെൽ" എന്ന പദ്ധതിക്ക് സർക്കാർ രൂപരേഖ തയ്യാറാക്കിവരുന്നു.

സെക്ഷൻ ഓഫീസർ